മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന


# ബുള്ളറ്റിൻ

വാല്യം 25 | 2020 മാർച്ച് | ലക്കം 3



"നീതിഷ്ഠന്മാർതൻ നോമ്പിനെ കൈക്കൊണ്ടാനാം മ്ശിഹാ
പ്രാർത്ഥനനോമ്പും കൈക്കൊണ്ടിവർമേൽ കൃപ ചെയ്യണമെ"

# സി.ബി.സി.ഐ. യുടെ പുതിയ നേതൃത്വം



അത്യുന്നത കർദ്ദിനാൾ ഒസ്വാൾഡ് ഗ്രേഷ്യസ് തിരുമേനി
(പ്രസിഡന്റ്)



അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി
(ഒന്നാം വൈസ് പ്രസിഡന്റ്)




അഭിവന്ദ്യ മാർ ജോർജ്ജ് ഞരളക്കാട്ട് തിരുമേനി
(രണ്ടാം വൈസ് പ്രസിഡന്റ്)



അഭിവന്ദ്യ ഫെലിക്സ് അന്തോണി മച്ചാഡോ തിരുമേനി
(ജനറൽ സെക്രട്ടറി)

## തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പ്രാർത്ഥനാശംസകൾ

## നാമഹേതുക തിരുനാളാശംസകൾ



ആർച്ചുബിഷപ്പ്
അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ
(മാർച്ച് 18)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

## തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 25 2020 മാർച്ച് ലക്കം 3

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

# സഭാ വാർത്തകൾ

## പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 24-ാമത് സാധാരണ പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സഭാ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിലെ വി. ജോൺ പോൾ രണ്ടാമൻ സുന്നഹദോസ് ഹാളിൽ 2020 മാർച്ച് 2 മുതൽ 5 വരെ നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന പരി. സുന്നഹദോസിൽ സഭയിലെ മെത്രാപ്പോലീത്താമാർ പങ്കെടുത്തു.

വൈവിധ്യങ്ങളിലെ ഐക്യമാണ് നമ്മുടെ മാതൃരാജ്യമായ ഭാരതത്തിന്റെ സൗന്ദര്യം എന്നും ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും പരമ പ്രധാനവും നമ്മുടെ മുൻഗണനാ വിഷയ ങ്ങളിൽ ഒന്നാമത്തതാണെും മലങ്കര കത്തോലിക്കാ സഭാ എപ്പിസ് കോപ്പൽ സുന്നഹദോസ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

വിവിധ മതവിശ്വാസികൾ തമ്മിലുള്ള സഹവർത്തിത്വം വർദ്ധിപ്പിക്കണമെന്നും രാജ്യത്ത് വർദ്ധിച്ചുവരുന്ന വർഗീയത ഏവരെയും ഉത്കണ്ഠപ്പെടുത്തുന്നു എന്നും മതാടിസ്ഥാനത്തിലുള്ള വേർതിരിവിന് രാജ്യം വേദിയാകാൻ പാടില്ലായെന്നും അഭിവന്ദ്യ പിതാക്കന്മാർ അഭിപ്രായപ്പെട്ടു. പൊതുവിഷയങ്ങളിൽ കേന്ദ്ര സർക്കാർ എല്ലാ വിഭാഗം ജനങ്ങളോടും തുറന്ന ചർച്ചയ്ക്ക് തയ്യാറാകണം. ഏതു വിഷയത്തിനും സമാധാനപരമായ പരിഹാരമാണ് നമുക്ക് ആവശ്യം. അക്രമം ഒരിക്കലും അതിന് പരിഹാരമാവുകയില്ല. ഭാരതത്തിന്റെ വളർച്ചയിൽ വിവിധ വിശ്വാസ സമൂഹങ്ങളും ന്യൂനപക്ഷങ്ങളും നല്കിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾ വിസ്മരിക്കപ്പെടരുത്. വിവിധ മതവിശ്വാസങ്ങൾ തമ്മിൽ തുറന്ന സംവാദങ്ങളും പരസ്പര ബഹുമാനത്തിനുള്ള പദ്ധതികളും ആവശ്യമാണ്. ഇതിനായി, സഭയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുകയും വൈദിക പരിശീലന ത്തിൽ കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യും.

ആറുമാസം പ്രായമുള്ള ഗർഭസ്ഥ ശിശുക്കളെ നശിപ്പിക്കുന്നത് നിയമവിധേയമാക്കിയ കേന്ദ്രസർക്കാർ നടപടി എക്കാലത്തും ജീവന്റെ മൂല്യത്തെ ഉയർത്തിപ്പിടിച്ച നമ്മുടെ സംസ്കാരത്തിന് വലിയ തിരിച്ചടിയായി. ഈ നടപടി സർക്കാർ പിൻവലിക്കണം. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള വികസനപ്രവർത്തനങ്ങളും മനുഷ്യകേന്ദ്രീകൃതമായ പ്രകൃതിസംരക്ഷണവുമാണ് ഏറ്റവും അഭികാമ്യം.

വൈദികപരിശീലനത്തിന്റെ പാഠ്യപദ്ധതിയും പരിശീലന പദ്ധതികളും പരിഷ്കരിക്കുന്നത് സംബന്ധിച്ച് സുന്നഹദോസ് നിയമിച്ച നാലംഗ മെത്രാൻ സമിതിയുടെ റിപ്പോർട്ടിൻമേൽ വിശദമായ ചർച്ചയ്ക്കായി സുന്നഹദോസ് വീണ്ടും 2020 ഏപ്രിൽ 1, 2 തീയതികളിൽ സമ്മേളിക്കും.

അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച സുന്നഹദോസിൽ അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ പിതാക്കന്മാരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, വിൻസന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, തോമസ് മാർ അന്തോണിയോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തിയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റോം, എബ്രഹാം മാർ യൂലിയോസ് എന്നിവർ പങ്കെടുത്തു.

പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ രണ്ടാം ദിവസം മാർച്ച് 3-ന് രാവിലെ 10.30 മുതൽ വൈകുന്നേരം 4.00 വരെ വിവിധ സിനഡൽ കമ്മീഷനുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന സമ്മേളനങ്ങൾ നടന്നു. സഭാദ്ധ്യക്ഷൻ അദ്ധ്യക്ഷനായിരുന്ന ഈ സമ്മേളനത്തിൽ വിവിധ കമ്മീഷനുകളുടെ ചുമതല വഹിക്കുന്ന അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം സിനഡൽ കമ്മീഷൻ സെക്രട്ടറിമാരും സംബന്ധിച്ചു. പരി. സുന്നഹദോസിന്റെ മൂന്നാം ദിവസം വിവിധ സന്യാസസമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സുമായി കൂടിക്കാഴ്ച നടത്തി. തുടർന്ന് മലങ്കര മേജർ സെമിനാരിയിലെ പരിശീലകരായ ബഹു. വൈദികരെയും സെമിനാരി വിദ്യാർത്ഥികളെയും സന്ദർശിച്ചു.

# അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ ഭാരത മെത്രാൻ സമിതിയുടെ ഒന്നാം വൈസ് പ്രസിഡന്റ്

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ 2020 ഫെബ്രുവരി 12 മുതൽ 19 വരെ ബാംഗ്ലൂരിൽ നടന്ന പ്ലീനറി സമ്മേളനത്തിൽ വച്ച് ഒന്നാം വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. തുടർച്ചയായി രണ്ടാം തവണയാണ് അഭിവന്ദ്യ തിരുമേനി ഈ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. അത്യുന്നത കർദ്ദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് തിരുമേനിയാണ് ഭാരത മെത്രാൻ സമിതിയുടെ പ്രസിഡന്റ്. അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ഞരളക്കാട്ട് തിരുമേനിയാണ് രണ്ടാം വൈസ് പ്രസിഡന്റ്. ജനറൽ സെക്രട്ടറിയായി അഭിവന്ദ്യ ഫെലിക്സ് ആന്റണി മച്ചാഡോ തിരുമേനിയും തെരഞ്ഞെടുക്കപ്പെട്ടു.

ബാംഗ്ലൂർ കേന്ദ്രമായുള്ള ദേശീയ ബിബ്ലിക്കൽ കാറ്റക്കിറ്റിക്കൽ ലിറ്റർജിക്കൽ സെന്റർ (എൻ.ബി.സി.എൽ.സി.) ചെയർമാനായി ഇരിങ്ങാലക്കുട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ തിരുമേനിയും സഭയുടെ സാമൂഹ്യസേവന വിഭാഗമായ കാരിത്താസ് ഇന്ത്യയുടെ ചെയർമാനായി ബക്സർ രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ കല്ലുപുരയെയും ബാംഗ്ലൂർ സെന്റ് ജോൺസ് നാഷണൽ അക്കാഡമി ഓഫ് ഹെൽത്ത് സയൻസിന്റെ ചെയർമാനായി മദ്രാസ്-മൈലാപ്പൂർ ആർച്ചുബിഷപ്പ് ജോർജ് അന്തോണിസ്വാമിയും വടക്കേ ഇന്ത്യയ്ക്കു വേണ്ടിയുള്ള സൊസൈറ്റി ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ചെയർമാനായി ഹാസാരിബാദ് രൂപതാദ്ധ്യക്ഷൻ ബിഷപ് ജോജോ ആനന്ദും തെരഞ്ഞെടുക്കപ്പെട്ടു.

## പട്ടം സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂളിന്റെ 80-ാം വാർഷികം ആഘോഷിച്ചു

ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി സ്ഥാപിച്ച പട്ടം സെന്റ് മേരീസ് ഹയർസെക്കന്ററി സ്കൂളിന്റെ 80-ാം (അശീതി) വാർഷികാഘോഷങ്ങളുടെ സമാപനം 2020 ജനുവരി 31-ന് ബഹു. കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്തു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി അദ്ധ്യക്ഷത വഹിച്ച ഈ സമ്മേളനത്തിൽ ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ., പൊതുവിദ്യാഭ്യാസ സെക്രട്ടറി ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്., സ്കൂൾ കറസ്പോണ്ടന്റ് മോൺ. ഡോ. വർക്കി ആറ്റുപുറത്ത്, കൗൺസിലർ ശ്രീമതി വി. എസ്. ത്രേസ്യാമ്മ എന്നിവർ സംബന്ധിച്ചു.

## അരുവിയോട് സെന്റ് റീത്താസ് സ്കൂളിന്റെ 80-ാം വാർഷികവും ഹൈടെക് ക്ലാസ്സ്റൂമുകളുടെ ഉദ്ഘാടനവും

അരുവിയോട് സെന്റ് റീത്താസ് സ്കൂളിന്റെ 80-ാം വാർഷികാഘോഷം 2020 ഫെബ്രുവരി 6-ന് അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്നു. വൈകുന്നേരം 3.00-ന് സ്കൂളിനുവേണ്ടി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ ആശീർവാദകർമ്മം അത്യഭിവന്ദ്യ ബാവാ തിരുമേനി നിർവ്വഹിച്ചു. തുടർന്ന് നടന്ന പൊതുസമ്മേളനം പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ. രവീന്ദ്രനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൈടെക് ക്ലാസ്സ് റൂമുകളുടെ ഉദ്ഘാടനവും അന്നേദിവസം നടന്നു. ഉദ്ഘാടന സമ്മേളനത്തിൽ ശ്രീ. സി. ദിവാകരൻ എം.എൽ.എ., സ്കൂൾ കറസ്പോണ്ടന്റ് റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത്,

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു കരകുളം, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അനില, നെടുമങ്ങാട് എ.ഇ.ഒ. രാജ്കുമാർ തുടങ്ങിയവർ സംബന്ധിച്ചു. പുതിയ സ്കൂൾ കെട്ടിടം പണിത് നൽകിയ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്കും ക്ലാസ്സ്റൂമുകൾ ഹൈടെക് ആക്കുന്നതിന് സഹായിച്ച പൂർവ്വവിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും നല്ലവരായ നാട്ടുകാർക്കും സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. സാലു പതാലിൽ നന്ദി അറിയിച്ചു.

## വികസനോത്സവ അവാർഡ്

തിരുവനന്തപുരം ജില്ലാ ജനകീയ ആസൂത്രണ സംരംഭകർക്കുള്ള അവാർഡ് എം.എസ്സ്.എസ്സ്.എസ്സ്.-ന് ലഭിച്ചു. DDU-GKY -ന്റെ മികച്ച നിലവാരത്തിനുള്ള നടത്തിപ്പിനാണ് ഈ അവാർഡ് ലഭിച്ചത്. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് കുടുംബശ്രീ മിഷൻ ജില്ലാ ഡയറക്ടർ ഡോ. കെ.ആർ. ഷൈജുവിൽ നിന്നും ഈ അവാർഡ് ഏറ്റുവാങ്ങി.



**മേജർ അതിഭദ്രാസനത്തിന്റെ ആശംസകൾ!**

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ പരേതരായ വൈദികർക്കുവേണ്ടി വി. കുർബാന അർപ്പിക്കുന്ന ഒരു പാരമ്പര്യം നമുക്കുണ്ടല്ലോ. ഈ കഴിഞ്ഞ ഫെബ്രുവരി 29-ന് പരേതനായ റൈറ്റ് റവ. മോൺ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ് കോപ്പായ്ക്ക് വേണ്ടി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികർ ഒരു വി. കുർബാന അർപ്പിക്കേണ്ടതാണ്.

- ചാൻസിലർ

## ബഹു. വൈദികരുടെ നോമ്പുകാലധ്യാനം

മേജർ അതിഭദ്രാസനത്തിലെ വൈദികരുടെ നോമ്പുകാല വൈദികസമ്മേളനം 2020 മാർച്ച് 23-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3.00 വരെ വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കും. ധ്യാനം, വി. കുമ്പസാരം ഇവയോടൊപ്പം വി. കുർബാനയുടെ ആരാധനയോടും കൂടിയാണ് നോമ്പുകാല വൈദികസമ്മേളനം അവസാനിക്കുന്നത്. മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ഇതിൽ സംബന്ധിക്കുന്നതാണ്.

## എം.ബി.ഒ.സി. ട്രെയിനിംങ് പ്രോഗ്രാം

ഈ വർഷത്തെ അവധിക്കാല ബൈബിൾ ക്ലാസ്സ് (M.B.O.C.) കഴിഞ്ഞ വർഷത്തെപ്പോലെ സണ്ടേസ്കൂൾ അദ്ധ്യപകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. അതിനാൽ എല്ലാ ഇടവകകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പരിശീലനം 3 കേന്ദ്രങ്ങളിലായി നടത്തുകയാണ്. 2020 മാർച്ച് 14-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ തിരുവനന്തപുരം, കഴക്കൂട്ടം, കിളിമാനൂർ, നെടുമങ്ങാട് വൈദികജില്ലകൾക്കു വേണ്ടി പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ചും, മാർച്ച് 15-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5 മണിവരെ അഞ്ചൽ, ആയൂർ, പുനലൂർ വൈദികജില്ലകൾക്കു വേണ്ടി ആയൂർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും മാർച്ച് 22-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 5 മണിവരെ കൊട്ടാരക്കര, അടൂർ വൈദികജില്ലകൾക്കു വേണ്ടി കിഴക്കേത്തെരുവ് ഹോളി ട്രിനിറ്റി മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ചും നടത്തപ്പെടുന്നു.

അതാത് ഇടവകകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സണ്ടേസ്കൂൾ അദ്ധ്യാപകരിൽ നിന്ന് സമർത്ഥരും നേതൃത്വ ഗുണമുള്ളവരുമായ 2 പേരെ അതാതു ജില്ലകൾക്കു വേണ്ടി നടത്തുന്ന ക്യാമ്പിലേയ്ക്ക് ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വർഷവും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ നിന്ന് M.B.O.C. ടീമിൽ ശെമ്മാശ്ശന്മാരും സിസ്റ്റേഴ്സും സണ്ടേസ്കൂൾ അദ്ധ്യാപകരും ഉണ്ടായിരിക്കുന്നതാണ്.

ഈ വർഷത്തെ എം.ബി.ഒ.സി (അവധിക്കാല ബൈബിൾ ക്ലാസ്സ്) താഴെ പറയുന്ന തീയതികളിൽ നടത്തപ്പെടുന്നു. ഇനിയും രജിസ്റ്റർ ചെയ്യാത്തതും നടത്തുവാൻ ആഗ്രഹം ഉള്ളവരുമായ

ഇടവകകൾ എത്രയും പെട്ടന്ന് അതിഭദ്രാസന മതബോധന കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

1. 2020 ഏപ്രിൽ 13 മുതൽ 17 വരെ
2. 2020 ഏപ്രിൽ 20 മുതൽ 24 വരെ
3. 2020 ഏപ്രിൽ 27 മുതൽ മെയ് 1 വരെ
4. 2020 മെയ് 4 മുതൽ 8 വരെ
5. 2020 മെയ് 11 മുതൽ 15 വരെ

**സണ്ടേസ്കൂൾ പരീക്ഷകൾ**

| | |
|---|---|
| **രണ്ടാം സെമസ്റ്റർ പരീക്ഷ** | **- 2020 മാർച്ച് 29 (ഞായർ)** |
| സമയം | - 2.00 pm - 4.00 pm |
| സ്ഥലം | - അതാത് ഇടവകകൾ |
| **വാർഷിക, മത്സരപരീക്ഷ** | **- 2020 ഏപ്രിൽ 19 (ഞായർ)** |
| സമയം | - 2.00 pm - 5.00 pm |
| സ്ഥലം | - അതാത് ജില്ലാ കേന്ദ്രങ്ങൾ |

# കർമ്മപദ്ധതി ഉദ്ഘാടനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ത്തിന്റെ 2020 വർഷത്തെ കർമ്മപദ്ധതി 'ARISE 2020' അഞ്ചൽ വൈദികജില്ലാ എം.സി.വൈ.എം. സമിതിയുടെ ആതിഥേയത്വ ത്തിൽ ചോഴിയക്കോട് വച്ച് 2020 ഫെബ്രുവരി 9 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിയ്ക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു.

ധീരരും പ്രേഷിതരുമാകാൻ സഭ യുവജനങ്ങളെ വിളിക്കുന്ന തിന്റെ ഉള്ളർത്ഥവും ഉൾവിളിയുമാണ് കർമ്മപദ്ധതി. എം.സി. വൈ.എം. എന്നത് സഭയുടെ വലിയൊരു ഭാഗമാണ്. അതുകൊണ്ട് തന്നെ സഭയെയും സമൂഹത്തെയും ബലപ്പെടുത്താൻ യുവതീ യുവാക്കൾ മുന്നോട്ട് വരണം. മാതാപിതാക്കളുടെ ദുരഭിമാന ത്തിന്റെ ഇരകളാകാൻ ഉള്ളവരല്ല യുവതലമുറ. പൂർത്തിയാക്കാൻ കഴിയാത്ത മേഖലയാണ് നിങ്ങൾക്ക് മേൽ കെട്ടിവയ്ക്കുന്ന തെങ്കിൽ സഹായം തേടുകയും മാതാപിതാക്കളോടും ബന്ധുക്ക ളോടും അത് തുറന്ന് പറയണമെന്നും അത്യഭിവന്ദ്യ കാതോലിക്കാ ബാവാ ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ അദ്ധ്യക്ഷത വഹിച്ചു. മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കേക്കര, അസി. ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, അഞ്ചൽ വൈദികജില്ലാ വികാരി വെരി റവ. ഫാ. ബോവസ് മാത്യു മേലൂട്ട്, ആനിമേറ്റർ റവ. സി. ജർമ്മെയ്ൻ ജേക്കബ് ഡി.എം., ജനറൽ സെക്രട്ടറി ശ്രീ. ലിജു ബാബു കോട്ടവട്ടം, ട്രഷറർ ശ്രീ. ജിജു ജസ്റ്റിൻ കോഴിയോട്, സഭാതല പ്രസിഡന്റ് ശ്രീ. ജിത്ത്ജോൺ ഫ്രാൻസിസ്, എം.സി. വൈ.എം.-ന്റെ അഞ്ചൽ വൈദികജില്ലാ ഡയറക്ടർ റവ. ഫാ. ജേക്കബ് കല്ലുവിള, പ്രസിഡന്റ് ശ്രീ. അനീഷ് കെ. വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു. ഒൻപത് വൈദികജില്ലകളിൽ നിന്നായി 800 അംഗങ്ങൾ പങ്കെടുത്തു.

## 'ജീവജ്വാല'

ഗർഭച്ഛിദ്രം പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര നിയമമായ MTP ക്കെതിരെ എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 'ജീവജ്വാല' എന്ന പേരിൽ പ്രതിഷേധ റാലി സംഘടിപ്പിച്ചു. ചോഴിയക്കോട് ടൗൺ ചുറ്റി റാലി ദൈവാലയത്തിൽ സമാപിച്ചപ്പോൾ 'ജീവനെ തടയുന്ന എല്ലാ മാർഗങ്ങളെയും എതിർക്കുമെന്ന്' എം.സി.വൈ.എം. അംഗങ്ങൾ പ്രതിജ്ഞ ചെയ്തു.

## *പ്ലാനിംഗ്* 2020

എം.സി.വൈ.എം.- ന്റെ ഭാവി പരിപാടികൾ ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി 2020 ഫെബ്രുവരി 15 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ *പ്ലാനിംഗ്* 2020 എന്ന പേരിൽ മീറ്റിംഗ് ക്രമീകരിച്ചു. ഒൻപത് വൈദികജില്ലകളിലെയും എം.സി.വൈ.എം. ഡയറക്ടർമാർ, ആനിമേറ്റർമാർ, പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു. തുടർന്ന് വൈകുന്നേരം നാല് മണിക്ക് കത്തീഡ്രലിലെ കബർ ചാപ്പലിൽ അർപ്പിച്ച വി. കുർബാന അർപ്പണത്തിൽ ഏവരും സംബന്ധിച്ചു.

## *VISITA* 2020

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സംസ്ഥാന-രൂപതാ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ശക്തമാക്കുന്നതിനുമായി കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ *VISITA* 2020 എന്ന പേരിൽ 2020 ഫെബ്രുവരി 15-ാം തീയതി വൈകുന്നേരം 6 മണിക്ക് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ആതിഥേയത്വത്തിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് മീറ്റിംഗ് നടത്തപ്പെട്ടു. പാറശ്ശാല, തിരുവനന്തപുരം ലാറ്റിൻ, നെയ്യാറ്റിൻകര, കൊല്ലം എന്നീ അഞ്ച് രൂപതകളിൽ നിന്നുള്ള ഭാരവാഹികൾ പങ്കെടുത്തു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെ പ്രതിനിധീകരിച്ച് എം.സി.വൈ.എം. ഭാരവാഹികൾ പങ്കെടുത്തു.

# *കാൽവരി* – വി. കുരിശിന്റെ വഴി

വലിയനോമ്പിലെ തീക്ഷ്ണത ഉൾക്കൊണ്ടുകൊണ്ട് എല്ലാ വൈദികജില്ലകളുടെയും നേതൃത്വത്തിൽ വി. കുരിശിന്റെ വഴി പ്രാർത്ഥന 2020 മാർച്ച് 29 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് അതാത് ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു.

## *ആത്മാ*

കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 2020 വർഷത്തെ കർമ്മപദ്ധതി ആവിഷ്കരിക്കുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും യുവജന ശുശ്രൂഷാരംഗത്ത് ആത്മീയ നേതൃത്വം നൽകുന്ന രൂപതാ ഡയറക്ടർമാരുടെയും ആനിമേറ്റർ സിസ്റ്റർമാരുടെയും സംയുക്ത യോഗം 'ആത്മാ 2020' ഫെബ്രുവരി 27–ാം തീയതി വ്യാഴാഴ്ച രാവിലെ 9.30–ന് പാലാരിവട്ടം പി.ഒ.സി. യിൽ വച്ച് നടത്തപ്പെട്ടു. കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് കിഴക്കേക്കര, അസി. ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത്, ആനിമേറ്റർ സിസ്റ്റർ സി. ജെർമ്മയിൻ ജേക്കബ് ഡി.എം. എന്നിവർ പങ്കെടുത്തു.

## ദളിത്  സ്കോളർഷിപ്പ് വിതരണം

CNEW നൽകുന്ന ദളിത് കുട്ടികൾക്ക് വേണ്ടിയുള്ള സ്കോളർഷിപ്പ് വിതരണം 2020 ഫെബ്രുവരി 1-ന് തിരുസന്നിധിയിൽ വച്ച് നടന്നു. റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു. 56 കുട്ടികൾക്ക് വിവിധ പഠന സ്കോളർഷിപ്പ് നൽകി.

## DDUGKY മൊബിലൈസേഷൻ - കള്ളിക്കാട്

DDUGKY പ്രോജക്ടിന്റെ മൊബിലൈസേഷൻ 2020 ഫെബ്രുവരി 1-ന് കള്ളിക്കാട് ടൗൺ ഹാളിൽ വച്ച് നടന്നു. എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും പ്ലെയ്സ്മെന്റ് ഹെഡ് ശ്രീ. ജെസ്റ്റിൻ റ്റി.എസ്., പ്ലെയ്സ്മെന്റ് മെമ്പർ ശ്രീ. ജിജേഷ് എന്നിവർ പങ്കെടുത്തു.

## DDUGKY മൊബിലൈസേഷൻ - കാഞ്ഞിരംകുളം

DDUGKY പ്രോജക്ടിന്റെ മൊബിലൈസേഷൻ 2020 ഫെബ്രുവരി 3-ന് കാഞ്ഞിരംകുളം പഞ്ചായത്തിൽ വച്ച് നടത്തപ്പെട്ടു. എം. എസ്സ്.എസ്സ്.എസ്സ്.-നെ പ്രതിനിധീകരിച്ച് ക്വാളിറ്റി മെമ്പർ ശ്രീ. അജിൻ ജോൺ പങ്കെടുത്തു.

## KSSF (Kerala Social Service Forum) Meeting

2020 ഫെബ്രുവരി 3, 4 തീയതികളിൽ കോട്ടയത്ത് വച്ച് നടന്ന ഫോറം മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. തോമസ് മുകളും പുറത്തും, ശ്രീ. സിജോയും പങ്കെടുത്തു. കേരളത്തിലെ വിവിധ സോഷ്യൽ സർവ്വീസുകൾ നടത്തുന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തലുകൾ നടത്തി.

## World Cancer Day - DDUGKY

ലോക കാൻസർ ദിനമായ ഫെബ്രുവരി 4-ന് DDUGKY പദ്ധതിയിലെ എല്ലാ ട്രെയിനേഴ്സിനെയും ഉൾപ്പെടുത്തികൊണ്ട് ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ ശ്രീമതി ആര്യചന്ദ്രൻ

പങ്കെടുക്കുകയും ട്രെയിനേഴ്സിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കുട്ടികളുടെതായ കാൻസർ ബോധവൽക്കരണ പവർ പോയിന്റ് പ്രസന്റേഷനും, ചാർട്ട് പ്രസന്റേഷനും ഉണ്ടായിരുന്നു.

### SAFP - F.F.T (Family Facilitation Team) മീറ്റിംഗ്

സേവ് എ ഫാമിലി പ്ലാൻ പരിപാടിയുടെ F.F.T മീറ്റിംഗ് 2020 ഫെബ്രുവരി 5-ന് സ്രോതസ്സിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. കോർഡിനേറ്റർ കുമാരി സൗപർണ്ണിക മീറ്റിംഗിന് നേതൃത്വം നൽകി. ആനിമേറ്റേഴ്സ് ശ്രീ. രാജുമോൻ, ശ്രീമതി ജെസ്സി രാജൻ, ശ്രീമതി പുഷ്പം ജോസ്, ശ്രീമതി സിമി എസ്., ശ്രീമതി ഷീല രാജൻ എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

### SAFP General Body Meeting

2020 ഫെബ്രുവരി 6, 7 തീയതികളിൽ എറണാകുളം ഐശ്വര്യഗ്രാമിൽ വച്ച് നടന്ന SAFP General Body Meeting-ൽ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു. കഴിഞ്ഞ ഒരു വർഷത്തെ SAFP യുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

### DDUGKY മൊബിലൈസേഷൻ - ബാലരാമപുരം

DDUGKY പ്രോജക്ടിന്റെ ഭാഗമായി 2020 ഫെബ്രുവരി 7-ന് ബാലരാമപുരം, അതിയന്നൂർ പഞ്ചായത്തുകളിൽ Door to Door മൊബിലൈസേഷൻ നടത്തപ്പെട്ടു. എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും പ്ലെയ്സ്മെന്റ് ഹെഡ് ശ്രീ. ജെസ്റ്റിൻ റ്റി.എസ്., ശ്രീ. അജിൻ ജോൺ എന്നിവർ പങ്കെടുത്തു.

### General Training For All Staffs

2020 ഫെബ്രുവരി 13-ന് എം.എസ്സ്.എസ്സ്.എസ്സ്.-ലെ വിവിധ പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾ നടത്തുന്ന സ്റ്റാഫ് അംഗങ്ങളുടെ മീറ്റിംഗ് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്.-ലെ 50 സ്റ്റാഫുകൾ പങ്കെടുത്തു. റവ. ഫാ. ജോർജ്

വെട്ടിക്കാട്ടിൽ, റവ. സിസ്റ്റർ ജെസീന എന്നിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിംഗ് ഉച്ചയ്ക്ക് മൂന്ന് മണിക്ക് സമാപിച്ചു.

## സ്റ്റാഫ് മീറ്റിംഗ്

2020 ഫെബ്രുവരി 13-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സ്റ്റാഫ് മീറ്റിംഗിൽ ജനുവരിയിൽ നടന്ന കർമ്മോത്സവത്തെക്കുറിച്ച് വില യിരുത്തൽ നടത്തുകയും ചെയ്തു.

## ലിലിയേൺ ഫോണ്ട്സ് പദ്ധതി (LF)

LF പദ്ധതിയോടനുബന്ധിച്ച് ഡിസേബിൾഡ് പീപ്പിൾ ഓർഗനൈസേഷന്റെ ഭാഗമായി ട്രെയിനിംഗ് പ്രോഗ്രാം 2020 ഫെബ്രുവരി 15-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തുകയു ണ്ടായി. സോപ്പ്, ലോഷൻ എന്നിവയുടെ നിർമ്മാണം ആണ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയത്. ഡിസേബിൾഡ് പീപ്പിൾ ഓർഗനൈ സേഷൻ അംഗമായ ശ്രീമതി വിദ്യ ട്രെയിനിംഗ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വളരെ വിജയകരമായി ട്രെയിനിംഗ് ക്ലാസുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ട്രെയിനിംഗ് പ്രോഗ്രാമിന് ആവശ്യ മായ അസംസ്കൃത വസ്തുക്കൾ റവ. ഫാ. തോമസ് മുകളുംപു റത്ത് ഓരോരുത്തർക്കും നൽകുകയുണ്ടായി. കോർഡിനേറ്റർ കുമാരി മീര നായർ മീറ്റിംഗിനു നേതൃത്വം നൽകി.

## വിനോദയാത്ര

2020 ഫെബ്രുവരി 17-ന് എം.എസ്സ്.എസ്സ്.എസ്സ്.-ലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും വേണ്ടി ഒരു വിനോദയാത്ര സംഘടിപ്പിച്ചു. എല്ലാ സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു.

## DDUGKY Action Plan Meeting

2020 ഫെബ്രുവരി 19-ന് Action Plan Meeting മെഡിക്കൽ കോളേജ് കുടുംബശ്രീ സ്റ്റേറ്റ് മിഷനിൽ വച്ചു നടന്നു. പ്രസ്തുത മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും റവ. ഫാ. തോമസ് മുകളുംപുറത്ത്, സെന്റർ ഹെഡ് ശ്രീമതി ജിൻസി എസ്.എസ്, ശ്രീമതി ഷൈമ എന്നിവർ പങ്കെടുത്തു.

## DDUGKY മൊബിലൈസേഷൻ - ഒറ്റശേഖരമംഗലം

ഫെബ്രുവരി 20, 22 തീയതികളിൽ ഒറ്റശേഖരമംഗലം കുളത്തൂർ കേന്ദ്രീകരിച്ച് നടന്ന Door To Door മൊബിലൈസേഷനിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ക്വാളിറ്റി മെമ്പർ ശ്രീ. അജിൻ ജോൺ പങ്കെടുത്തു.

## Placement Motivation Class DDUGKY

DDUGKY പ്രോജക്റ്റിന്റെ ഭാഗമായി ഫെബ്രുവരി 22 - ാം തീയതി Placement Team arrange ചെയ്ത Motivation class നടത്തപ്പെട്ടു. Erawind kazhakootam Team ആയിരുന്നു ക്ലാസിനു നേതൃത്വം നൽകിയത്.

## SAFP ഭവന സന്ദർശനം

2020 ഫെബ്രുവരി 25-ന് SAFP മേഖല സന്ദർശനം കോർഡിനേറ്റർ കുമാരി സൗപർണിക, ആനിമേറ്റർ ശ്രീമതി ജെസ്സി രാജൻ എന്നിവരുടെ നേതൃത്വത്തിൽ പോത്തൻകോട് മേഖലകളിലെ ഭവനങ്ങൾ സന്ദർശനം നടത്തുകയും ഓരോ കുടുംബത്തിലെയും ചെറുകിട വ്യവസായ സംരംഭത്തെക്കുറിച്ച് വിലയിരുത്തുകയും തുടർന്ന് പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതി

National Career Centre for the Differently Abled ന്റെ നേതൃത്വത്തിൽ എം.എസ്സ്.എസ്സ്.എസ്സും, കെ.എസ്സ്.എസ്സ്.എസ്സും ചേർന്ന് ബധിരാന്ധരായ കുട്ടികളുടെ നെറ്റ്‌വർക്ക് മീറ്റിംഗും അവരുടെ പുനരധിവാസത്തിനുള്ള ചർച്ചയും 2020 ഫെബ്രുവരി 25-ന് നാലാഞ്ചിറ VRC യിൽ വച്ചു നടത്തി. National Career Centre ഡയറക്ടർ ശ്രീ. പി. ലൈജു യോഗം ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. തുടർന്ന് Kerala Social Security ഡയറക്ടർ ഡോ. മുഹമ്മദ് കാശീൽ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. കോർഡിനേറ്റർ ശ്രീ. എബിൻ നേതൃത്വം നൽകി.

## സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതി - ഉല്ലാസയാത്ര

2020 ഫെബ്രുവരി 27-ന് സെൻസ് ഇന്റർനാഷണൽ ഇന്ത്യ പദ്ധതിയുടെ നേതൃത്വത്തിൽ ബധിരാന്ധത കുട്ടികൾക്കായുള്ള ഉല്ലാസയാത്ര സംഘടിപ്പിച്ചു. തിരുവനന്തപുരം, കന്യാകുമാരി സെന്ററിൽ നിന്ന് കുട്ടികളും, രക്ഷകർത്താക്കളും, അധ്യാപകരും ഉൾപ്പെടെ അറുപതോളം പേർ ആനക്കുളം ചിൽഡ്രൻസ് പാർക്ക്, ശംഖുമുഖം, പൂവാർ എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങൾ സന്ദർശിക്കുണ്ടായി.

## LIC

എം.എസ്സ്.എസ്സ്.എസ്സ് ഏജൻസിയുടെ LIC യിൽ നിന്നും ജീവൻ മധൂർ പോളിസി എടുത്ത 12 വർഷം കാലാവധി പൂർത്തിയായ 650 പോളിസി ഉടമകൾക്ക് LIC തിരുവനന്തപുരം ബ്രാഞ്ച് ഓഫീസിൽ നിന്നും പോളിസി തുക ലഭിക്കുകയുണ്ടായി.

### വിവിധ ധനസഹായങ്ങൾ

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 4 കുടുംബങ്ങൾക്ക് 64,000 രൂപയും
വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 1,20,000 രൂപയും നൽകി.

# എം.സി.എ. സംഗമം

മേജർ അതിഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 1–ന് അത്മായ മഹാസംഗമം അഞ്ചൽ സെന്റ് ജോൺസ് കോളേജ് ആഡിറ്റോറിയത്തിൽ വച്ച് നടന്നു. ഈ സമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി മുഖ്യാതിഥി ആയിരുന്നു. ലോകത്തിൽ പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന കൊറോണ വൈറസിൽ നിന്നും ലോകത്തെ രക്ഷിക്കാൻ മൂന്ന് നോമ്പിന്റെ ദിവസങ്ങളിൽ ഉപവസിച്ച് പ്രാർത്ഥിക്കാൻ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ബോധിപ്പിച്ചു. രാജ്യം വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ബന്ധങ്ങളുടെ കണ്ണി അറ്റുപോകാതിരിക്കാൻ ജാഗ്രത പുലർത്തണമെന്നും അത്യഭിവന്ദ്യ ബാവാ തിരുമേനി പറഞ്ഞു. രാവിലെ 9.00 മുതൽ വൈകുന്നേരം 4.00 വരെയുള്ള ഈ സമ്മേളനത്തിൽ മേജർ അതിഭദ്രാസനത്തിലെ വിവിധ വൈദികജില്ലകളിൽ നിന്നുള്ള 2500 പ്രതിനിധികൾ സംബന്ധിച്ചു. രാവിലെ 9.00–ന് നടന്ന പ്രവർത്തക സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ഉദ്ഘാടനം ചെയ്തു. എം.സി.എ. മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. മോനി ഏഴംകുളം അദ്ധ്യക്ഷത വഹിച്ചു. മുൻ ഡി.ജി.പി. ശ്രീ. ജേക്കബ് പുന്നൂസ്, എം.സി.എ. മേജർ അതിഭദ്രാസന ആദ്ധ്യാത്മിക ഉപദേഷ്ടാവ് വെരി റവ. ഫാ. ഗീവർഗീസ് നെടിയത്ത്, അഞ്ചൽ ജില്ലാ വികാരി വെരി റവ. ഫാ. ബോവസ് മാത്യു, സെന്റ് ജോൺസ് കോളേജ് പ്രിൻസിപ്പൽ റവ. ഫാ. ജോൺസൺ പുതുവേലിൽ, അഞ്ചൽ വൈദികജില്ലാ എം.സി.എ. ഉപദേഷ്ടാവ് റവ. ഫാ. ജോൺ കാരവിള, എം.സി.എ. സഭാതല സമിതി പ്രസിഡന്റ് ശ്രീ. വി. പി. മത്തായി, ജനറൽ സെക്രട്ടറി സാലു പതാലിൽ എന്നിവരും സംബന്ധിച്ചു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2020 മാർച്ച് 13, 14, 15 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2020 ഏപ്രിൽ 2, 3, 4 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

# മാതൃസംഘം

## മേജർ അതിഭദ്രാസന സംഗമം

മേജർ അതിഭദ്രാസനത്തിലെ മാതൃസംഘത്തിന്റെ ജില്ലാ ഡയറക്ടർമാരുടെയും സിസ്റ്റർ ആനിമേറ്റേഴ്സിന്റെയും എക്സിക്യൂട്ടീവ് അംഗങ്ങളുടെയും ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംഗമം 2020 ഫെബ്രുവരി 21-ന് ആയൂർ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. മേജർ അതിഭദ്രാസന ഇടവകകളെ പ്രതിനിധീകരിച്ച് ഓരോ ഇടവകയിൽ നിന്നും 2 പ്രതിനിധികൾ വീതം ഈ സംഗമത്തിൽ സംബന്ധിച്ചു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഈ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തുടർന്ന് നടന്ന സെമിനാറിന് പ്രോ-ലൈഫ് ടീം അംഗങ്ങളായ റവ. സി. ഡോ. ആൻസ്ലറ്റും ഡോ. അനൂപും നേതൃത്വം നൽകി. ജീവന്റെ സംരക്ഷണത്തിന് എന്നും മുന്നിട്ട് നിൽക്കാൻ ഏവരേയും ആഹ്വാനം ചെയ്തു. എല്ലാ വൈദികജില്ലകളിൽ നിന്നുള്ള റിപ്പോർട്ടുകൾ അവതരിപ്പിക്കപ്പെട്ടു. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ മേജർ അതിഭദ്രാസന മുഖ്യ വികാരി ജനറാൾ മോൺ. ഡോ. മാത്യു മനക്കരക്കാവിൽ കോറെപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ഒരു വർഷത്തേക്കുള്ള കർമ്മപദ്ധതികളും അത് നടപ്പിലാക്കാനുള്ള ക്രമീകരണങ്ങളും ഇടവക-ജില്ല തലങ്ങളിലെ തെരഞ്ഞെടുപ്പിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും മാതൃസംഘം മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. ഡൊമിനിക് സാവിയോ മാമൂട്ടിൽ നൽകി. വി. കുർബാനയുടെ ആരാധനയോടുകൂടി ഈ സമ്മേളനം സമാപിച്ചു. ഈ സമ്മേളനത്തോടനുബന്ധിച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഒരു എക്സിബിഷനും സംഘടിപ്പിച്ചിരുന്നു.

# ഇടയനാളാഗമം

## ഫെബ്രുവരി 2020

## (പ്രധാന പരിപാടികൾ)

### ഫെബ്രുവരി 1

രാവിലെ 6.30-ന് കുടപ്പനക്കുന്ന് ഡി.എം. ജനറലേറ്റിൽ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

രാവിലെ 11.00-ന് പട്ടം തിരുസന്നിധിയിൽ വച്ച് ദളിത് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം ചെയ്തു.

ഉച്ചയ്ക്ക് 2.30-ന് അഞ്ചലിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന എം.സി.എ. സംഗമം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 6.30-ന് കരവാളൂർ സെന്റ് ബനഡിക്ട് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ശ്രീ. ജിബിന്റെ മകൾ ജൊഹാനാ ജിബിന് മാമ്മോദീസാ നൽകി.

### ഫെബ്രുവരി 2

രാവിലെ 11.30-ന് പൊൻകുന്നത്ത് തോമസിന്റെയും അന്ന യുടെയും വിവാഹം ആശീർവദിച്ചു.

വൈകുന്നേരം 4.00-ന് ഇടമുളയ്ക്കൽ സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ ഇടവക തിരുന്നാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

### ഫെബ്രുവരി 3

രാവിലെ 9.00 ന് അഞ്ചലിൽ മാർത്തോമ്മാ സുറിയാനി സഭ തിരുവനന്തപുരം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ബർണബാസ് പിതാവിന്റെ 70-ാം ജന്മദിനത്തോടനുബന്ധിച്ച് നിർമ്മിച്ച ഭവന ത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു.

ഉച്ചയ്ക്ക് 2.30-ന് കാഞ്ഞിരപ്പള്ളിയിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ അറയ്ക്കൽ പിതാവിന്റെ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 5**

വൈകുന്നേരം 6.00-ന് നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര മേജർ സെമിനാരിയിൽ അൽമായർക്കായുള്ള ദൈവശാസ്ത്ര കോഴ്സിൽ ക്ലാസ്സെടുത്തു.

**ഫെബ്രുവരി 7**

ഉച്ചയ്ക്ക് 12.00-ന് കറുകച്ചാലിൽ, നിര്യാതനായ റവ. ഫാ. കോശി ചക്കാലമണ്ണിലിന്റെ ഭവനത്തിലെത്തി പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി അനുശോചനം അറിയിച്ചു.

ഉച്ചകഴിഞ്ഞ് 3.00-ന് ചങ്ങനാശ്ശേരി മെട്രോപ്പോളിറ്റൻ കത്തീഡ്രലിൽ അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ തിരുമേനിയുടെ നവതി ആഘോഷ സമ്മേളനത്തിൽ മുഖ്യസന്ദേശം നൽകി.

**ഫെബ്രുവരി 8**

രാവിലെ 9.00-ന് രാമക്കൽമേട്ടിൽ ബഹു. സിസ്റ്റർ സവിത കണ്ടത്തിലിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

**ഫെബ്രുവരി 9**

രാവിലെ 6.30-ന് സാം നഗർ സെന്റ് സെബാസ്റ്റ്യൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും പുതുതായി പണികഴിപ്പിച്ച വൈദികമന്ദിരത്തിന്റെ കൂദാശാകർമ്മം നിർവഹിക്കുകയും ചെയ്തു.

വൈകുന്നേരം 3.00-ന് ചോഴിയക്കോട് സെന്റ് സെബാസ്റ്റ്യൻസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ എം.സി. വൈ.എം. മേജർ അതിഭദ്രാസന കർമ്മപദ്ധതി ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 5.30-ന് പാലോട് വച്ച് നടന്ന മതസൗഹാർദ്ദ സമ്മേളനം ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 12-19**

ബാംഗ്ളൂരിൽ സെന്റ് ജോൺസ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സി.ബി.സി.ഐ. പ്ലീനറി മീറ്റിംഗിൽ സംബന്ധിച്ചു.

**ഫെബ്രുവരി 20**

രാവിലെ 8.45-ന് സി.എസ്.ഐ. സഭയുടെ മോഡറേറ്ററായി തിരഞ്ഞെടുക്കപ്പെട്ട മോസ്റ്റ് റവ. ധർമരാജ് റസാലം പിതാവിനെ ബിഷപ്പ്സ് ഹൗസിൽ സന്ദർശിച്ച് ആശംസകളർപ്പിച്ചു.

**ഫെബ്രുവരി 21**

രാവിലെ 9.30-ന് ആയൂരിൽ തിരുവനന്തപുരം മേജർ അതിഭദ്രാസന മാതൃവേദി സമ്മേളനം ഉദ്ഘാടനം ചെയ്തു.

രാവിലെ 11.00-ന് കരിക്കത്ത് തിരുവനന്തപുരം മേജർ അതിഭദ്രാസന ടീച്ചേഴ്സ് ഗിൽഡിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം 3.00-ന് കലയപുരം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ നിർമ്മാണത്തോട നുബന്ധിച്ച് വിശുദ്ധ കുരിശ് ആശിർവദിച്ചു.

വൈകുന്നേരം 6.00-ന് തിരുമൂലപുരം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അഭിവന്ദ്യ ദിയസ് കോറസ് പിതാവിന്റെ 77-ാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് സന്ധ്യാനമസ്കാരത്തിനും ധൂപപ്രാർത്ഥനയ്ക്കും കാർമ്മികത്വം വഹിച്ചു.

**ഫെബ്രുവരി 22**

രാവിലെ 9.00-ന് പത്തനംതിട്ട ഭദ്രാസനത്തിലെ പറന്തൽ സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിന്റെ മൂറോൻ കൂദാശാകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ഫെബ്രുവരി 23**

രാവിലെ 9.00-ന് സെക്കന്ദ്രാബാദ് മദർ മേരി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു. തുടർന്ന് ഹൈദ്രാബാദ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം 6.00-ന് ദോൻന്തിയിൽ, രോഗികളായ കുഞ്ഞു ങ്ങൾക്കുവേണ്ടി പൂനെ ഭദ്രാസനം നടത്തുന്ന ഭവനം സന്ദർശിച്ചു.

വൈകിട്ട് 9.00-ന് ഹൈദ്രാബാദ് ഹോളി സ്പിരിറ്റ് കോൺവെന്റ് സന്ദർശിച്ചു.

**ഫെബ്രുവരി 24**

രാവിലെ 6.30-ന് നാഗാറാം ബഥനി കോൺവെന്റ് ചാപ്പലിൽ വി. കുർബാന അർപ്പിച്ചു.

രാവിലെ 10.00-ന് ശ്രീ. സെബാസ്റ്റ്യൻ അഞ്ചലിന്റെ ഫാക്ടറി സന്ദർശിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ചെർലപ്പള്ളിയിൽ ബഥനി ആശ്രമവും കരുണാലയവും സന്ദർശിച്ചു.

**ഫെബ്രുവരി 25**

വൈകുന്നേരം 4.00-ന് കൊല്ലം കത്തീഡ്രലിൽ, വന്ദ്യ ജെറോം ഫെർണാണ്ടസ് പിതാവിന്റെ 28-ാം ഓർമ്മദിനത്തോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് വചന സന്ദേശം നൽകി.

**ഫെബ്രുവരി 26**

രാവിലെ 11.00-ന് കാതോലിക്കേറ്റ് സെന്ററിൽ വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ സമ്മേളനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. തുടർന്ന് നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ അദ്ധ്യക്ഷത വഹിച്ചു.

വൈകുന്നേരം 4.00-ന് പുനലൂർ മലങ്കര കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**ഫെബ്രുവരി 27**

രാവിലെ 7.00-ന് തിരുവല്ല കർമ്മലൈറ്റ് ക്ലോയിസ്റ്റേർഡ് കോൺവെന്റ് ചാപ്പലിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഫെബ്രുവരി 28 – മാർച്ച് 2**

അഭിവന്ദ്യ തിരുമേനിമാരുടെ ധ്യാനത്തിൽ പങ്കെടുത്തു.

# ആദരാഞ്ജലികൾ

## വന്ദ്യ ഗീവർഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്‌ക്കോപ്പാ (80)



മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ സീനിയർ വൈദികനും തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗവുമായ മണ്ണിക്കരോട്ട് മോൺ. ഗീവർഗീസ് കോറെപ്പിസ്‌ക്കോപ്പാ 2020 ഫെബ്രുവരി 29-ന് ദിവംഗതനായി.

കുലീനമായ മണ്ണിക്കരോട്ട് കുടുംബത്തിൽ ശ്രീ. കുഞ്ചാണ്ടി മുതലാളിയുടെയും ശ്രീമതി റാഹേലമ്മയുടെയും മകനായി 1940 ഏപ്രിൽ 5-ന് ജനിച്ച് താഴത്ത് വടക്ക് ഗവ. എൽ.പി. സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും പട്ടാഴി സെന്റ് പോൾസ് സ്കൂളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കി. 1958-ൽ വൈദിക പരിശീലനത്തിനായി സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. പൂനെ പേപ്പൽ സെമിനാരിയിൽ തത്ത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങളും വൈദിക പരിശീലനവും പൂർത്തിയാക്കി 1967 സെപ്തംബർ 21-ന് ഭാഗ്യസ്മരണാർഹനായ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം കൈതപ്പറമ്പ് ദൈവാലയത്തിൽ വച്ച് സ്വീകരിച്ചു.

ഇപ്പോഴത്തെ പത്തനംതിട്ട ഭദ്രാസനത്തിലെ റാന്നി-പെരുന്നാട്, ചിറ്റാർ, സീതത്തോട്, ആങ്ങമൂഴി, വയ്യാറ്റുപുഴ, എന്നീ ഇടവകക ളിൽ വികാരിയായി ശുശ്രൂഷ ആരംഭിച്ച അച്ചൻ മണ്ണാറക്കുളഞ്ഞി, വടശ്ശേരിക്കര, കുമ്പളാംപൊയ്ക, ഉതിമൂട്, പുതുശ്ശേരിമല, തണ്ണി ത്തോട്, തേക്കുതോട്, മണ്ണീറ, എലിമുള്ളംപ്ലാക്കൽ എന്നിവിടങ്ങ ളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു. തുടന്ന് തത്വശാസ്ത്ര ത്തിൽ ഉപരിപഠനം നടത്തി പൂനെ പൊന്തിഫിക്കൽ അത്തനേയ ത്തിൽ നിന്ന് ലൈസൻഷ്യേറ്റ് കരസ്ഥമാക്കി. അതിനുശേഷം ഒരു വർഷക്കാലം ആർച്ചുബിഷ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. പിന്നീട് ഇപ്പോ ഴത്തെ മാർത്താണ്ഡം ഭദ്രാസനത്തിലെ കളിയിക്കാവിള ജില്ലാ വികാരിയായും കിരാത്തുർ പാലവിള ഇടവകകളുടെ വികാരി യായും സേവനമനുഷ്ഠിച്ചു.

ദീർഘകാലം (1977-1985) പട്ടം സെന്റ് അലോഷ്യസ് സെമി നാരിയുടെ റെക്ടറായി ശുശ്രൂഷ നിർവഹിച്ച ബഹു. അച്ചനിൽ നേതൃത്വഗുണവും മനുഷ്യസ്നേഹവുമുള്ള ഒരു പരിശീലകനെയാണ് തന്റെ ശിഷ്യരായ അനേകം വൈദികർക്ക് ഓർമ്മിക്കുന്നത്. 1985-ൽ പത്തനംതിട്ട ജില്ലാവികാരിയായും പത്തനംതിട്ട, തോട്ടുപുറം എന്നീ ഇടവകളുടേയും വികാരിയായി സേവനമനുഷ്ഠിക്കുമ്പോ ഴാണ് മലങ്കര മിഷന്റെ പ്രവർത്തനങ്ങൾക്കായി 1987-സെപ്തംബർ 14-ന് ബഹു. അച്ചനെ അമേരിക്കയിലേയ്ക്ക് അയച്ചത്. 1991 ജൂൺ 28-ന് നടന്ന അമേരിക്കയിലെ മലങ്കര കാത്തലിക് കൺവെൻഷന്റെ പ്രധാന സംഘാടകനായിരുന്നു. ഇന്ന് ഒരു ഭദ്രാസനമായി നില നിൽക്കുന്ന അമേരിക്കാ-കാനഡയിലെ ദൈവാലയങ്ങൾ ആരം ഭിച്ചത് വന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പയാണ്. ഗൾഫ് മേഖലയിലെ മിഷൻ പ്രവർത്തനങ്ങളുടെ ആരംഭത്തിനും നേതൃത്വം നൽകി. ഇത്തരത്തിൽ സഭയിലെ സ്തുത്യർഹമായ പൗരോഹിത്യ ശുശ്രൂഷകൾക്കുള്ള അംഗീകാരമായി 1996 ജൂൺ 30-ന് കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേയ്ക്ക് അദ്ദേഹത്തെ പുണ്യ ശ്ലോകനായ സിറിൽ ബസേലിയോസ് ബാവാതിരുമേനി ഉയർത്തി.

1997-ൽ നാട്ടിലേയ്ക്ക് മടങ്ങിയെത്തിയ അദ്ദേഹത്തെ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ വികാരി ജനറാളായും ഒരു വർഷത്തിനു ശേഷം സെന്റ് അലോഷ്യസ് സെമിനാരിയുടെ റെക്ടറായും നിയമിച്ചു. 2005-ൽ അമേരിക്കയിലെ ശുശ്രൂഷ പുനരാരംഭിക്കുകയും അമേരിക്കൻ ഐക്യനാടുകളിലേയും യൂറോപ്പിലേയും മലങ്കര സഭയുടെ അജപാലന ശുശ്രൂഷകളുടെ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായി നിയമിതനായി. ടെക്സാസ് മലങ്കര കത്തോലിക്കാ ഇടവകയുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

2011-ൽ തിരുവനന്തപുരം മേജർ അതിരൂപതയുടെ എപ്പിസ്ക്കോപ്പൽ വികാരിയായി അത്യഭിവന്ദ്യ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായാൽ നിയമിതനായ വന്ദ്യ കോർ എപ്പിസ്ക്കോപ്പാ അച്ചൻ തെക്കൻ മിഷൻമേഖയുടെ കോർഡിനേറ്ററായി കാട്ടാക്കട കേന്ദ്രമാക്കി പ്രവർത്തിച്ചു.

സഭയുടെ ആസ്ഥാനകാര്യാലയമായ തിരുവനന്തപുരം, പട്ടം കാതോലിക്കേറ്റ് സെന്ററിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2015 ഫെബ്രുവരി 14-ന് ആഗോള കത്തോലിക്കാ സഭയിലെ പ്രത്യേക അംഗീകാരമായി ഡൊമസ്റ്റിക് പ്രിലേറ്റ് പദവി നൽകി അദ്ദേഹത്തെ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ആദരിച്ചു.

കഴിഞ്ഞ കുറച്ചു നാളുകളായി വാർദ്ധക്യസഹജമായ അസുഖങ്ങളാൽ വിശ്രമത്തിലായിരുന്നു. രോഗപീഢകൾ വർദ്ധിച്ചതിനാൽ ഏതാനും ദിവസങ്ങളായി തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന വന്ദ്യ അച്ചൻ 2020 ഫെബ്രുവരി 29-ന് വെളുപ്പിന് 3 മണിക്ക് സ്വർഗസമ്മാനത്തിനായി വിളിക്കപ്പെട്ടു.


ദീർഘകാലം സഭയുടെ വിശ്വസ്ഥനായ കാര്യസ്ഥനായി ത്യ ഗോജ്ജ്വലമായ സേവനമനുഷ്ടിച്ച വന്ദ്യ ഗീർവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായ്ക്ക് പ്രാർത്ഥനാനിർഭരമായ ആദരാഞ്ജലികൾ !!! ദൈവത്തിന്റെ ഉത്തമനായ പുരോഹിതാ സമാധാനത്താലെ പോകുക!

കബറടക്ക ശുശ്രൂഷ 2020 മാർച്ച് 2-ന് ഉച്ചകഴിഞ്ഞ് 2.30-ന് മാതൃ ഇടവകയായ മഞ്ചാടിമുക്ക് സെന്റ് ഇഗ്നാത്തിയോസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അത്യഭിവന്ദ്യ

കാതോലിക്കാ ബാവായുടെ മുഖ്യകാർമ്മികത്വത്തിലും അഭിവന്ദ്യ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, വിൻസെന്റ് മാർ പൗലോസ്, ഫീലിപ്പോസ് മാർ സ്തേഫാനോസ്, സാമുവൽ മാർ ഐറേനിയോസ്, തോമസ് മാർ അന്തോണിയോസ്, തോമസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, എബ്രഹാം മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിലും നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

## റവ. ഫാ. കോശി ചക്കാലമണ്ണിൽ (88)



മാവേലിക്കര ഭദ്രാസനത്തിലെ റവ. ഫാ. കോശി ചക്കാലമണ്ണിൽ 2020 ഫെബ്രുവരി 6-ന് നിര്യാതനായി. ബഹു. അച്ചൻ ദീർഘകാലം തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായിരുന്നു. 2020 ഫെബ്രുവരി 7-ന് കറുകച്ചാലിലെ ഭവനത്തിലെത്തി പ്രാർത്ഥനകൾക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നേതൃത്വം നൽകി. ഉച്ചയ്ക്ക് 12.00-ന് കബറടക്ക ശുശ്രൂഷ രാമൻചിറ സെന്റ് പോൾസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ ത്തിൽ അഭിവന്ദ്യരായ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ നടന്നു.

**മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!**

# ജന്മദിനാശംസകൾ

## മാർച്ച് 2020

01 – റവ. ഫാ. അരുൺ ഏറത്ത്
04 – റവ. ഫാ. കോശി ചിറക്കരോട്ട്
07 – റവ. ഫാ. ജയിംസ് ചരുവിള
08 – റവ. ഫാ. അനൂപ് തോംസൺ
09 – റവ. ഫാ. ജോൺ പുന്നാറ
10 – റവ. ഫാ. അജോ കളപ്പുരയിൽ
12 – റവ. ഫാ. സാമുവേൽ പാറവിള
15 – റവ. ഫാ. ജോർജ് ഭട്ടശ്ശേരിൽ
19 – റവ. ഫാ. ജോസ് പ്രസാദ് വാലുപറമ്പിൽ
20 – റവ. ഫാ. ജോൺ കാരവിള
23 – റവ. ഫാ. തോമസ് പുതുപ്പറമ്പിൽ
24 – റവ. ഫാ. പി. റ്റി. ജോർജ്ജ്
27 – റവ. ഫാ. സാമുവൽ ഇടമണ്ണിൽ
30 – റവ. ഫാ. മാത്യുസ് ആലുംമൂട്ടിൽ

# പ്രാർത്ഥനയിൽ ഓർക്കാം

## മാർച്ച് 2020

03 – സാമുവൽ മണ്ണിൽ റമ്പാൻ
04 – റവ. ഫാ. ജോഷ്വാ കുന്നേത്തേത്ത്
04 – റവ. ഫാ. ജോർജ്ജ് പ്ലാവിളയിൽ
05 – റവ. ഫാ. തോമസ് കൈതനാൽ
05 – റവ. ഫാ. ജോസഫ് വടക്കേക്കുറ്റ്
10 – റവ. ഫാ. ചാണ്ടിപ്പിള്ള പാമ്പുരേത്ത്
13 – റവ. ഫാ. കുര്യാക്കോസ് കോയിക്കൽ
14 – റവ. ഫാ. ജോസഫ് പുത്തൻപുരയിൽ
18 – റവ. ഫാ. മത്തായി കരിങ്ങാട്ടിൽ
18 – റവ. ഫാ. തോമസ് വലിയവിളയിൽ
22 – റവ. ഫാ. മത്തായി കല്ലട
28 – റവ. ഫാ. ജോർജ്ജ് ജോൺ (ജോസി) കിഴക്കേതിൽ
30 – റവ. ഫാ. ആന്റണി കേളംപറമ്പിൽ
റവ. ഫാ. ഏലിയാസ് അമ്പാട്ട്

## സ്മരണീയ ദിനങ്ങൾ

## 2020 മാർച്ച്

| | | |
|---|---|---|
| 1 | **ഞായർ** | **ഗർബോ ഞായർ** (കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്)<br>**വലിയ നോമ്പിലെ രണ്ടാം ഞായർ** |
| 5 | വ്യാഴം | **മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ കാതോലിക്കാ സ്ഥാനാരോഹണ വാർഷികം (2007)** |
| 8 | **ഞായർ** | **മ്ശറിയോ ഞായർ** (തളർവാത രോഗിയെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ മൂന്നാം ഞായർ |
| 9 | തിങ്കൾ | സെബസ്തിയിലെ നാൽപ്പതു സഹദേന്മാർ |
| 10 | ചൊവ്വ | **അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം (2007)** |
| 13 | വെള്ളി | **അഭിവന്ദ്യരായ വിൻസെന്റ് മാർ പൗലോസ്, തോമസ് മാർ അന്തോണിയോസ്, സാമുവേൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, എന്നീ തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം (2010)** |
| 15 | **ഞായർ** | **ക്നാനയ്തോ ഞായർ**<br>(കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ നാലാം ഞായർ |
| 17 | ചൊവ്വ | വി. പാട്രിക് |
| 18 | **ബുധൻ** | **പകുതി നോമ്പ് –** ഗോഗുൽത്താ സ്ഥാപനം<br>ജറുസലേമിലെ മാർ കൂറിലോസ്<br>**അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ** |
| 19 | വ്യാഴം | മാർ യൗസേഫ് |
| 21 | ശനി | മാർ യോഹന്നാൻ ക്ലീമാക്കൂസ് |
| 22 | **ഞായർ** | **ക്പിഫ്തൊ ഞായർ** (കൂനിയെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ അഞ്ചാം ഞായർ |
| 25 | ബുധൻ | **വി. ദൈവമാതാവിനോടുള്ള വചനിപ്പ്<br>വികാരി കുർബാന** |
| 26 | വ്യാഴം | **ഗുഡ്ഗാവ് ഭദ്രാസനത്തിന്റെയും കഡ്കി എക്സാർക്കേറ്റിന്റെയും സ്ഥാപനം. (2015)** |
| 29 | **ഞായർ** | **സമിയോ ഞായർ** (കുരുടനെ സൗഖ്യമാക്കിയത്)<br>വലിയ നോമ്പിലെ ആറാം ഞായർ |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## മാർച്ച് 2020

| | | | |
|---|---|---|---|
| 2–6 | | : | പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ്, കാതോലിക്കേറ്റ് സെന്റർ |
| 7 | 6: 30 am | : | റമ്പാൻ പട്ടം, തിരുവല്ല കത്തീഡ്രൽ |
| | 10: 30 am | : | ബിഷപ്പ്സ് ഹൗസ്, മാവേലിക്കര, |
| | 4: 30 pm | : | കൊപ്പം ദൈവാലയ കൂദാശ |
| 8 | 9: 00 am | : | വി. കുർബാന, കൊപ്പം |
| 22 | 8: 00 am | : | ഒറ്റക്കല്ല് |
| | 9: 00 am | : | വിശുദ്ധ കുർബാന, ഉറുകുന്ന് |
| 27–29 | | : | ബഹറിൻ (KCA) |
| 30 | 10: 00 am | : | സെന്റ് ജോൺസ് കോളേജ്, അഞ്ചൽ |
| | 5: 30 pm | : | മാർ ഈവാനിയോസ് കോളേജ് |
| 31 | 6: 30 am | : | മൈനർ സെമിനാരി |

Ref: 3254/K-5/KCBC/OL/DS 11.2.2020

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി
കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പു കാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു.' കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വാഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യന് ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യനിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികവുമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടിവരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443 വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനുസരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താരാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്ററാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു

ദുരന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദ പരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതുപോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപത്തായി മാറിയിട്ടുണ്ട്". രാജ്യത്തെ ജനസംഖ്യയുടെ നാല് ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യവില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗിക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യയിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സായിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസംഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ-നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക- ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജി

ച്ചാൽ മതി; ഫലപ്രദമായ മദ്യനിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യ തിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ. ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാനായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)
**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.



എം. സി. വൈ. എം. കർമ്മപദ്ധതി (2020)
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. (9 – 02 – 2020, ചോഴിയക്കോട്)



മാതൃസംഘം മേജർ അതിഭദ്രാസന സംഗമം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു. (21 – 02 – 2020, ആയൂർ)



കാരിത്താസ് ഇന്ത്യ നടപ്പിലാക്കുന്ന സംസ്ഥാനതല 'ലെന്റെൻ ക്യാമ്പെയ്ൻ' എം. എസ്. എസ്സിന്റെ
ആഭിമുഖ്യത്തിൽ ആയൂരിൽ വച്ച് അത്യഭിവന്ദ്യകാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്യുന്നു.
(21 – 02 – 2020, ആയൂർ)

# മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാ സ്ഥാനാരോഹണ വാർഷികം



മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
പരമാദ്ധ്യക്ഷ പദവിയിൽ 13 വർഷങ്ങൾ പൂർത്തിയാക്കുന്ന
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്
കാതോലിക്കാബാവാ തിരുമേനിക്ക്

## പ്രാർത്ഥനാശംസകൾ

From
**Editor**
Major Athibhadrasana Bull
Major Archbishop's House
Pattom P.O., Trivandrum -

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116